റീ-സർവ്വേകളിലെ അപാകതകൾ

141 (1218) ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. പി. തിലോത്തമൻ :

ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-സർവ്വേകളിലെ അപാകതകൾ പരിഹരിക്കുന്നതിന് ലഭിച്ച അപേക്ഷകളിന്മേൽ തീർപ്പ്കൽപ്പിക്കാനുള്ളവ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സബ് ഡിവിഷൻ ചെയ്ത രജിസ്റ്ററിന്റെ റിസ്റ്റീർണ്ണ വ്യത്യാസം പരിഹരിച്ചു കിട്ടാനുള്ള അപേക്ഷകളിൽ ഇനിയും നടപടി സ്വീകരിക്കാനുള്ളവ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) റീ-സർവ്വേയിലെ ക്രമക്കേടുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 66677 അപേക്ഷകൾ.

(ബി) 7123 അപേക്ഷകൾ.

(സി) റീ-സർവ്വേ നടക്കുന്ന അവസരങ്ങളിൽ കണ്ടെത്തുന്ന അപാകതകൾ അതാതു വില്ലേജിലെ റീ-സർവ്വേ അധികാരികൾക്ക് അപേക്ഷ നൽകിയും റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിലെ പരാതികൾ ബന്ധപ്പെട്ട താലൂക്ക് കാര്യാലയങ്ങൾ മുഖേനയും പരിഹരിക്കാവുന്നതാണ്.

പട്ടയ വിതരണം

142 (1219) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ മണക്കാട് വില്ലേജിലെ അമ്പലത്തറ വാർഡിലെ വരവിള, ചൂരൽത്തോപ്പ്, മുട്ടാറുവരമ്പ് തുടങ്ങിയ രണ്ടു പുറമ്പോക്കിൽ താമസിക്കുന്ന നൂറിലധികം കുടുംബങ്ങൾക്ക് കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കുന്ന പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ പുരോഗതി വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പട്ടയവിതരണത്തിനു നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ അതു് എന്താണെന്നു് വ്യക്തമാക്കുമോ;

(സി) 2014 ഡിസംബർ 31-നു മുമ്പു് പ്രസ്തുത കുടുംബങ്ങൾക്കു് പട്ടയം നൽകുമെന്നുള്ള ഉറപ്പു് നടപ്പിലാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അലംഭാവം കാണിക്കുന്നതു് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കുടുംബങ്ങൾക്കു് എന്നത്തേക്കു് പട്ടയം നൽകും എന്നു് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മണക്കാടു് വില്ലേജിലെ വരവിള, ചൂരൽത്തോപ്പു്, മുട്ടാറുവരമ്പു് തുടങ്ങിയ ഒണ്ടു പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾക്കു് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണു്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഭൂരഹിതരായവർക്കു് ഭൂമി നൽകാൻ നടപടി

143 (1220) ശ്രീ. കോലിയക്കോടു് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് ഭൂരഹിതരായവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എത്ര;

(ബി) അവർക്കു് ഭൂമി നൽകുന്നതിലേക്കു് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ആയതിലേക്കു് എത്ര അപേക്ഷകളാണു് ലഭിച്ചതു്;

(സി) അപേക്ഷകർക്കു് ഭൂമി നൽകുന്നതിനു് ബന്ധപ്പെട്ടവർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണു്;

(ഡി) പട്ടയം നൽകിയവർക്കു് ഭൂമി ലഭിച്ചിട്ടുണ്ടോ; അതു് അവർ ഉപയോഗിക്കുന്നുണ്ടോ;

(ഇ) ഭൂമികേരള പദ്ധതി ഉദ്ഘാടനത്തിനു് നൽകിയ പട്ടയങ്ങൾക്കു് ഭൂമി ലഭിച്ചിട്ടുണ്ടോ; ഉപഭോക്താക്കൾ ആ ഭൂമി ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു് അറിയിക്കാമോ?

ഉത്തരം

(എ) ഭൂരഹിതരല്ലാത്ത കേരളം പദ്ധതിയിൽ ലഭ്യമായ അപേക്ഷകളിൽ വിവിധ തലത്തിലുള്ള അന്വേഷണം നടത്തി 2,43,928 ഭൂരഹിത കുടുംബങ്ങളെ പദ്ധതിയുടെ അർഹരായ ഗുണഭോക്താക്കളായി കണ്ടെത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly